## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2410** **19.06.2013-ൽ മറുപടിക്ക്**

### കുടിവെള്ള വിതരണത്തിന് ജിക്ക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് ജിക്ക പദ്ധതി പൂർത്തിയാക്കാൻ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ആവിഷ്കരിച്ചിട്ടുണ്ട് |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) 2036-ാംആണ്ടുവരെയുള്ള കുടിവെള്ള ആവശ്യം നിർവ്വഹിക്കത്തക്ക വിധം അഞ്ചു കുടിവെള്ള പദ്ധതികൾ ജിക്ക സഹായത്തോടെ നടപ്പിലാക്കി വരുന്നു. ഓരോ പദ്ധതി മുഖാന്തരം പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങളും ജനസംഖ്യാ വിവരവും താഴെ കൊടുക്കുന്നു. |

| പദ്ധതി | പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങൾ | 2036 ൽ കണക്കാക്കിയിട്ടുള്ള ജനസംഖ്യ | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം നഗരവും കടപ്പനക്കുന്ന്, ശ്രീകാര്യം, വട്ടിയൂർക്കാവ് എന്നീ പഞ്ചായത്തുകൾക്കും | 10.7 ലക്ഷം | ഭാഗികമായി കമ്മീഷൻ ചെയ്തു. |
| മീനാട് | പരവൂർ മുനിസിപ്പാലിറ്റിയും കരവാളൂർ അഞ്ചൽ, ഇടമുളയ്ക്കൽ, ചാത്തന്നൂർ ഉമ്മന്നൂർ, ഇളമാട്, പൂയപ്പള്ളി, വെളിയം, നെടുമ്പന, ആദിച്ചനല്ലൂർ, ചിറക്കര, പൂതക്കുളം മയ്യനാട് എന്നീ പഞ്ചായത്തുകൾ | 5.26 ലക്ഷം | ഭാഗീകമായി കമ്മീഷൻ ചെയ്തു. |
| ചേർത്തല | ചേർത്തല മുനിസിപ്പാലിറ്റിയും ചേർത്തല, തെക്ക്, പള്ളിപ്പുറം പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, അരൂർ, എഴുപുന്ന, കുത്തിയ തോട്, തുറവൂർ, പട്ടണക്കാട്, വയലാർ കടകരപ്പള്ളി, കോടംതുരുത്ത്, തണ്ണീർമുക്കം, മുഹമ്മ, കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക് എന്നീ പഞ്ചായത്തുകൾ | 6.53 ലക്ഷം | പൂർണ്ണമായി കമ്മീഷൻ ചെയ്തു |
| കോഴിക്കോട് | കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, ചേളന്നൂർ, ഏലത്തൂർ, തലക്കുളത്തൂർ, നൻമണ്ട, കാക്കൂർ, കക്കോടി, | 13.03 ലക്ഷം | 2014 മാർച്ചിൽ ഭാഗികമായി കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | നരിക്കുനി, കുന്ദമംഗലം, പെരുവയൽ, കുറവട്ടൂർ, പെരുമണ്ണ, ബേപ്പൂർ, ചെറുവണ്ണൂർ, നല്ലളം, ഒളവണ്ണ, കടലുണ്ടി എന്നീ പഞ്ചായത്തുകൾ | | |
| പട്ടുവം | തളിപ്പറമ്പ് മുനിസിപ്പാലിറ്റിയും, ഏഴോം, പാണപ്പുഴ, കടന്നപ്പള്ളി, ചപ്പാര പ്പടവ്,കുറുമാത്തൂർ, പന്നിയൂർ, പട്ടുവം, മാട്ടൂൽ കല്ല്യാശ്ശേരി, പാപ്പിനി ശ്ശേരി, പരിയാരം എന്നീ പഞ്ചായത്തുകൾ | 5.3 ലക്ഷം | ഭാഗികമായി കമ്മീഷൻ ചെയ്തു. |

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശശദമാക്കുമോ;

(ബി) ജപ്പാൻ ഇന്റർ നാഷണൽ കോ - ഓപ്പറേഷൻ ഏജൻസി (ജിക്ക) യുടെ സഹായത്തോടെയാണ് മേൽപ്പറഞ്ഞ 5 പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(ഡി) ഇതിനായി എന്തെല്ലാം പ്രവർത്ത നങ്ങൾ നടത്തിയിട്ടുണ്ട് വിശദാംശ ങ്ങൾ എന്തെല്ലാം?

(ഡി) ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. ജിക്ക പദ്ധതിയിൽ തിരുവനന്തപുരം പദ്ധതിയുടെ വിതരണ ശൃംഖല ഒഴികെയുള്ള പണികൾ എല്ലാം പൂർത്തിയാക്കി. വിതരണ ശൃംഖലയിൽ 394 കിലോ മീറ്റർ പൈപ്പ് ലൈൻ ഉള്ളതിൽ 261 കിലോ മീറ്റർ സ്ഥാപിച്ചു. 133 കിലോ മീറ്റർ വരുന്ന ബാക്കി പണികൾക്ക് പുതിയ കരാറിൽ ഏർ പ്പെടുകയും പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. പദ്ധതി 18.05.2010 ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. പൂർണ്ണതോതിലുള്ള കമ്മീഷനിംഗ് 2013 അവസാനത്തോടെ സാധ്യമാകും.

2. മീനാട് പദ്ധതി 24.02.2011 ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. വിതരണ ശൃംഖലയുടെ പണികളാണ് ബാക്കി ഉള്ളത്. അതിനുള്ള പുതിയ കരാർ

18.06.2012- ൽ നൽകി. പൂർണ്ണമായ കമ്മീഷനിംഗ് 31.12.2013- ൽ പ്രതീക്ഷിക്കുന്നു.

3. ചേർത്തല പദ്ധതി 03.01.2012 ൽ പൂർണ്ണമായി കമ്മീഷൻ ചെയ്തു. ഇപ്പോൾ ഗാർഹിക കണക്ഷനുകൾ നൽകി വരുന്നു.

4. കോഴിക്കോട് പദ്ധതി 2014 മാർച്ചിൽ കമ്മീഷൻ ചെയ്യാൻ കഴിയു മെന്ന് പ്രതീക്ഷിക്കുന്നു.

5. പട്ടുവം പദ്ധതിയുടെ വിതരണ ശൃംഖല ഒഴികെയുള്ള മറ്റു പണികളെല്ലാം പൂർത്തിയായി. വിതരണ ശൃംഖലയ്ക്ക് മൊത്തം 623 കിലോ മീറ്റർ പൈപ്പ ലൈനിൽ ആകെ 434 കിലോ മീറ്റർ പൈപ്പ ലൈൻ സ്ഥാപിച്ചു. പട്ടുവം പദ്ധതി മാർച്ച് 2013 ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. 2013 അവസാനത്തോടെ പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ